# ആമുഖം

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ കരകുളം വില്ലേജിലെ അഴിക്കോട് എന്ന സ്ഥലത്താണ് crescent residential high സ്കൂൾ സ്ഥിതി ചെയ്യുന്നത്. പാഠ്യേതര രംഗത്തും , മതപരമായ കാര്യങ്ങൾ നിർവഹിച്ചു കൊണ്ടും സംസ്ഥാന തലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. ഭൗതികരംഗത്തും, അക്കാഡമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ച് കൊണ്ട് മതനിരപേക്ഷ ജനാതിപത്യ മൂല്യങ്ങളിലൂടെയുള്ള സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. S.S .L .C ൽ വര്ഷങ്ങളായി ഉന്നതവിജയം കൈവരിച്ചുകൊണ്ടു മുന്നേറുകയാണ് ഈ സ്കൂൾ. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ് മത്സരപരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു.

ഓരോ വിദ്യാര്ഥിയുടെയും സമഗ്ര വികസനത്തെ ലക്ഷ്യമിടുന്നതാണ് ഈ അക്കാഡമിക് മാസ്റ്റർ പ്ലാൻ,പഠനത്തിൽ കുട്ടികൾക്ക് ആവശ്യമുള്ള പിന്തുണയും,സാങ്കേതിക വിദ്യയുടെ ഉപയോഗവും ഉൾകൊള്ളുന്നു. അധ്യാപകർക്ക് പരിശീലനം,രക്ഷിതാക്കളുടെ പങ്കാളിത്തം ഉൾച്ചേരുന്ന വിദ്യാഭ്യാസം,സാമൂഹിക ഭാവനശേഷിയുള്ള പഠനം,ഭാഷാഭിവൃദ്ധി,ഗണിത ശാസ്ത്രപരമായ ചിന്ത, കല-കായിക പരിശീലനം എന്നിവയ്ക്ക് ഈ പദ്ധതി പ്രാധാന്യം നൽകുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിൻറെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ടു മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യ പഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഈ പദ്ധതി വെറും രേഖ മാത്രമല്ല, മറിച്ച് ഭാവിയിലേക്കുള്ള പഠന വിളക്കാണ്. നല്ലതും,ഉള്കൊള്ളുന്നതുമായ ഭാവിയിലേക്ക് നയിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്.

## ലക്ഷ്യങ്ങൾ

* വിജ്ഞാനം, കഴിവുകൾ, മൂല്യങ്ങൾ, എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള വിദ്യാർത്ഥികളുടെ അധ്യയന നിലവാരം ഉയർത്തുക.

*ഡിജിറ്റൽ വിദ്യാഭ്യാസം ഓൺലൈൻ പഠന സ്രോതസ്സുകൾ സ്മാർട്ട് ക്ലാസുകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക .

* പൗരസമൂഹത്തിലെ ഉത്തരവാദിത്തപരമായ അംഗങ്ങളായി വിദ്യാർത്ഥികളെ വളർത്തുക .

*കല, കായികം , വിദ്യാരംഗം മുതലായ മേഖലകളിൽ കഴിവുകൾ കണ്ടെത്തുകയും വളർത്തുകയും ചെയുക.

*പഠനത്തിൽ താല്പര്യമില്ലാത്ത വിദ്യാർത്ഥികളെ തിരിച്ചറിയുകയും അവരുടെ മനോഭാവത്തിന് അനുയോജ്യമായ ക്ലാസ്സുകളും അധ്യാപന രീതികളും രൂപപ്പെടുത്തുകയും ചെയുക.

*ശാസ്ത്രീയ പഠനത്തിന് ആവശ്യമായ ശാസ്ത്രീയ ലബോറട്ടറികൾ എല്ലാ വിദ്യാർത്ഥികൾക്കും ഒരുക്കുക.

*വിദ്യാർത്ഥികളെ മയക്കുമരുന്നുകളിൽ നിന്ന് അകറ്റി അതിൻറെ അപകടകരമായ ഫലങ്ങളെ കുറിച്ച അവബോധം നൽകുക.

*പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകി അവരെ മുന്നോട്ട് എത്തിക്കുക .

# നിലവിലെ അവസ്ഥ വിശകലനം

**ഭൗതികം :നേട്ടങ്ങൾ :**

വിശാലമായ കായിക പരിശീലനത്തിനുള്ള ഗ്രൗണ്ട് ,HS ,UP ക്ലാസ്സുകൾക്ക് പ്രത്യേകം IT ലാബുകൾ,പിന്നോക്ക മേഖലയിൽ നിന്നും വരുന്ന കുട്ടികൾക്ക് യാത്ര സൗകര്യത്തിനായി സ്കൂൾ ബസ്, വിശാലമായ ക്ലാസ് മുറികൾ,ഡിജിറ്റൽ സൗകര്യമുള്ള പ്രൈമറി ക്ലാസ് മുറികൾ,ആകർഷകമായ കവാടം, നവീകരിച്ച ചുറ്റുമതിൽ,ഓഫീസ് ,സ്റ്റാഫ് റൂം, ലൈബ്രറി എന്നിവയ്ക്ക് പ്രത്യേകം മുറികൾ.

**ഭൗതികം:പരിമിതികൾ:**

ക്ലാസ് മുറികൾ കൃത്യമായി പരിപാലിക്കേണ്ടതുണ്ട്. painting ചെയ്യണം.ചില ശൗചാലയങ്ങൾ ആധുനിക രീതിയിലുള്ളതല്ല. നല്ലൊരു ആഡിറ്റോറിയം ഇല്ല. ഭോജനശാല ആവശ്യമാണ്.ആകർഷകമായ വിധത്തിൽ പൂന്തോട്ടം,ജൈവവൈവിധ്യ പാർക്ക് എന്നിവ മെച്ചപ്പെടുത്തേണ്ടതുണ്ട്.

**അക്കാദമികം:നേട്ടങ്ങൾ:**

SSLC പരീക്ഷയിലെ ഉന്നത വിജയം,കൂടാതെ അക്കാഡമികമായും ,സാമ്പത്തികമായും , സാമൂഹികമായും പിന്നോക്കം നിൽക്കുന്ന മേഖലകളിൽ നിന്നും വരുന്ന കുട്ടികളിൽ നിന്നും പരമാവധി വിജയശതമാനം വർധിപ്പിച്ചിട്ടുണ്ട്.

**അക്കാഡമികം:പരിമിതികൾ:**

വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർധിപ്പിക്കേണ്ടതുണ്ട്.സ്കൂൾ ഗ്രന്ഥശാല നവീകരണം .ലബോറട്ടറികൾ മെച്ചപ്പെടുത്തണം.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

**അക്കാഡമികം :ഇംഗ്ലീഷ് പഠനം**

ഇംഗ്ലീഷ് അസംബ്ലി - ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസ്സെംബ്ളിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ

* ഇംഗ്ലീഷ്  പദപ്രശ്നം നിർമ്മിക്കൽ .

*ക്ലാസ്സ്മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ നൽകൽ.

*മാതൃഭാഷയിൽ വിവിധ ശേഷികളുടെ വികാസം..

*കഥയരങ്,രചനാശില്പശാല,എന്നിവ സംഘടിപ്പിക്കുന്നു.

*പ്രാദേശികമായി ലഭിക്കുന്ന എഴുത്തുകാരെ കുട്ടികളുമായി സംവദിക്കാനുള്ള അവസരം ഒരുക്കുന്നു.

*പ്രശസ്ത സാഹിത്യകാരന്മാരുമായി അഭിമുഖം സംഘടിപ്പിക്കൽ

**ഗണിതം-ഗണിത ലാബ്:**

ഒരു മുറിയിൽ ഗണിതലാബ് തയ്യാറാക്കി അവിടെ വച്ച് ഗണിത ക്ലാസ് നടത്തൽ.

**ശാസ്ത്രലാബ് നവീകരിക്കൽ -**

സയൻസ് ലാബിനെ ഫിസിക്സ്,കെമിസ്ട്രി,ബിയോളജി എന്നിങ്ങനെ തരാം തിരിച്ച ഇരിപ്പിടങ്ങൾ സജ്ജമാക്കാൻ. സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ.

**രാഷ്ട്രഭാഷ-ശ്രേഷ്ഠ ഭാഷ-**

ഹിന്ദി, ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ

**ഭൗതികം- ചുറ്റുമതിൽ**

*ചുറ്റുമതിൽ ഇല്ലാത്ത ,കവാടം ആകർഷകമാക്കൽ.

*ശുദ്ധജല വിതരണ ശൃംഖലയിലെ ജലം പൈപ്പ് വഴി ടോയ്‌ലെറ്റിൽ എത്തുന്നെന്ന് ഉറപ്പ് വരുത്തൽ.

* പുതിയ ഫിൽറ്ററുകൾ സ്ഥാപിക്കൽ.

## SRG പ്രവർത്തനം

**പ്രവർത്തനത്തിന്റെ പേര്: ശാസ്ത്ര , പാദനയാത്രകൾ (field trips )**

**ലക്ഷ്യം:**

ശാസ്ത്രപഠനം രസകരമാക്കൽ ,സാമൂഹ്യ,പരിസ്ഥിതി അവബോധം സൃഷ്ടിക്കൽ തിരുവനന്തപുരത്തുള്ള പ്ലാനിറ്റോറിയം സന്ദർശനം ,പാലോട് ബൊട്ടാണിക്കൽ ഗാർഡൻ സന്ദർശനം, കഴക്കൂട്ടത്തെ മാജിക് പ്ലാനറ്റ് സന്ദർശനം,മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പാദനയാത്രകൾ,തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അഭയ കേന്ദ്രം സന്ദർശിക്കൽ ........തുടങ്ങിയുള്ളവ

കാലം - പ്രതിവർഷം LP ,UP ,HS വിഭാഗങ്ങൾക്ക് ഒരു യാത്ര

ചുമതല - സയൻസ് & മോറൽ ക്ലബ്ബുകൾ

## ശാസ്ത്ര പോഷണ പരിപാടി

* കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ

- ശാസ്ത്ര തത്വങ്ങൾ പരീക്ഷണങ്ങളിലൂടെ കുട്ടികൾക്ക് മുന്നിൽ അവതരണം.
- സ്കൂൾ അസ്സെംബ്ലിയിൽ ലഘു പരീക്ഷണങ്ങൾ കുട്ടികളിൽ ശാസ്ത്ര അഭിരുചി വളരാ ൻ സഹായകമാകും.
- സ്കൂൾ തല സയൻസ് എക്സിബിഷൻ.
- മിനി പ്രൊജക്റ്റ്,പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കൽ .

*ശാസ്ത്ര മേളകളിൽ പരിപൂർണ പങ്കാളിത്തം

*ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകളുടെ അവതരണം.

*സയൻസ് ലാബ് ആധുനിക വത്കരിക്കുന്നു.

*പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക

- തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ
- പച്ചക്കറി തോട്ടം നിർമ്മിക്കൽ
- പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്

*പുത്തൻ സാങ്കേതിക വിദ്യയുടെ ഉപയോഗം

*പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം.

*മോഡൽ നിർമ്മാണം.

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

*ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

*ക്ലാസ് മുറികളും ലാബുകളും നവീകരിച്ച മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

*ഡിജിറ്റൽ പഠന പ്ലാറ്റുഫോമുകളും ടൂൾസും വികസിപ്പിക്കുന്നു.

*വിദ്യാർത്ഥികളിൽ ആത്മവിശ്വാസവും നേതൃത്വ ശേഷിയും വളരുന്നു. സഹപാഠ പ്രവർത്തനങ്ങൾ , പ്രോജക്കുകൾ ,ക്ലബ് പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തിത്വ വികസനം സാധ്യമാകുന്നു.

## ഉപസംഹാരം

ക്രെസെന്റ് ഹൈ സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളുമായ് ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയത്. കുട്ടിയുടെ സർവ്വത്മകമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.മാധ്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനു കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു .